## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 426** **23-07-2021 - ൽ മറുപടിയ്ക്ക്**

## ദേശീയ വനവൽക്കരണ പരിപാടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. മുരളി പെരുനെല്ലി | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നടത്തി വരുന്ന ദേശീയ വനവൽക്കരണ പരിപാടിയിലൂടെ കൈവരിച്ച നേട്ടങ്ങൾ പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതിയാണ് ദേശീയ വനവൽക്കരണ പരിപാടി. ശോഷിത വനങ്ങളുടെ പുനരുദ്ധാരണവും സംരക്ഷണവും, അത്തരം പരിപാടികളിലെ ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിതരുടെ പങ്കാളിത്തവും, അതിലൂടെ അവരുടെ വരുമാന വർദ്ധനവും, ജീവിത നിലവാര ഉയർച്ചയുമാണ് ദേശീയ വന വൽക്കരണ പരിപാടിയുടെ നടത്തിപ്പിലൂടെ രാജ്യം ലക്ഷ്യമിട്ടത്. 2002-03 മുതൽ 2015-16 വരെയുള്ള കാലയളവിൽ കേന്ദ്ര സർക്കാർ അനുവദിച്ച 7662.40 ലക്ഷം രൂപ ചെലവഴിച്ച് 39619.31 ഹെക്ടർ പ്രക്ഷീണ വനപ്രദേശത്ത് വനവൽക്കരണ പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങളോടൊപ്പം വനത്തെയും വന സംരക്ഷണ പരിപാലന പ്രവർത്തനങ്ങളെയും, വനശോഷണത്തെയും ജനങ്ങളിൽ വനാശ്രിതത്വം കുറയ്ക്കുന്നതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് വനാശ്രിത സമൂഹത്തിന് അവബോധം സൃഷ്ടിക്കൽ, മണ്ണ്-ജല സംരക്ഷണം തുടങ്ങിയവയും ദേശീയ വനൽക്കരണ പരിപാടിവഴി നടപ്പിലാക്കിയിട്ടുണ്ട്. 2015-16 വർഷത്തോടെ അവസാനിച്ച ടി പദ്ധതിയുടെ തുടർച്ചയായി 2016-17 വർഷം മുതൽ ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി വനവിഭവങ്ങളുടെ പരിപാലനവും സുസ്ഥിരമായ വികസനവും ഉറപ്പുവരുത്തുന്നതിന് എത്രമാത്രം സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിതരുടെ പങ്കാളിത്തവും അതിലൂടെ അവരുടെ വരുമാന വർദ്ധനവും ജീവിത നിലവാര ഉയർച്ചയുമാണ് ദേശീയ വനവൽക്കരണ പരിപാടിയുടെ നടത്തിപ്പിലൂടെ രാജ്യം ലക്ഷ്യമിട്ടത്. 2002-03 മുതൽ 2015-16 വരെയുള്ള കാലയളവിൽ കേന്ദ്ര സർക്കാർ അനുവദിച്ച 7662.40 ലക്ഷം രൂപ ചെലവഴിച്ച് 39619.31 ഹെക്ടർ പ്രക്ഷീണ |

| | | | |
|---|---|---|---|
| | | | വനപ്രദേശത്ത് വനവൽക്കരണ പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്. മുള, ഈറ തുടങ്ങിയ വന വിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും വഴി വനാശ്രിത സമൂഹങ്ങളുടെ തൊഴിൽസംരക്ഷണവും ടി പദ്ധതിയിലൂടെ ഉറപ്പ് വരുത്തിയിരുന്നു. കൂടാതെ വനം, വനസംരക്ഷണ-പരിപാലന പ്രവർത്തനങ്ങൾ, വനശോഷണം, ജനങ്ങളിൽ വനാശ്രിതത്വം കുറയ്ക്കുന്നതിന്റെ പ്രാധാന്യം എന്നിവ സംബന്ധിച്ച് വനാശ്രിത സമൂഹത്തിന്അവബോധം സൃഷ്ടിക്കൽ, മണ്ണ്-ജല സംരക്ഷണം തുടങ്ങിയവയും ദേശീയ വനവൽക്കരണ പരിപാടി വഴി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ഈ പരിപാടിയുടെ ഭാഗമായ Entry Point Activities ന്റെ ഭാഗമായി ജലവിതരണ സംവിധാനങ്ങൾ, കുളങ്ങളുടെ നിർമ്മാണം, കമ്മ്യൂണിറ്റി ഹാളുകൾ മുതലായ പൊതു ആസ്തികൾ സൃഷ്ടിക്കൽ, പ്രകൃതി സൗഹൃദ ഊർജ്ജസംവിധാനങ്ങളുടെ വിതരണം എന്നിവയും ടി പരിപാടിയുടെ ഭാഗമായി നടപ്പാക്കിയിട്ടുണ്ട്. |
| (സി) | വനവത്ക്കരണത്തിന്റെ ഭാഗമായി വനവും മരങ്ങളും സംരക്ഷിക്കുന്നതിനും വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിനും നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; | (സി) | ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിതരുടെ പങ്കാളിത്തവും അതിലൂടെ അവരുടെ വരുമാന വർദ്ധനവും ജീവിത നിലവാര ഉയർച്ചയുമാണ് ദേശീയ വനവൽക്കരണ പരിപാടിയുടെ നടത്തിപ്പിലൂടെ രാജ്യം ലക്ഷ്യമിട്ടത്. 2002-03 മുതൽ 2015-16 വരെയുള്ള കാലയളവിൽ കേന്ദ്ര സർക്കാർ അനുവദിച്ച 7662.40 ലക്ഷം രൂപ ചെലവഴിച്ച് 39619.31 ഹെക്ടർ പ്രക്ഷീണ വനപ്രദേശത്ത് വനവൽക്കരണ പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്. മുള, ഈറ തുടങ്ങിയ വന വിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും വഴി വനാശ്രിത സമൂഹങ്ങളുടെ തൊഴിൽ സംരക്ഷണവും ടി പദ്ധതിയിലൂടെ ഉറപ്പ് വരുത്തിയിരുന്നു. കൂടാതെ വനം, വനസംരക്ഷണ-പരിപാലന പ്രവർത്തനങ്ങൾ, വനശോഷണം, ജനങ്ങളിൽ വനാശ്രിതത്വം കുറയ്ക്കുന്നതിന്റെ പ്രാധാന്യം എന്നിവ സംബന്ധിച്ച് വനാശ്രിത സമൂഹത്തിന്അവബോധം സൃഷ്ടിക്കൽ, മണ്ണ്-ജല സംരക്ഷണം തുടങ്ങിയവയും ദേശീയ വനവൽക്കരണ പരിപാടി വഴി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ഈ പരിപാടിയുടെ ഭാഗമായ Entry Point Activities ന്റെ ഭാഗമായി ജലവിതരണ സംവിധാനങ്ങൾ, കുളങ്ങളുടെ നിർമ്മാണം, കമ്മ്യൂണിറ്റി ഹാളുകൾ മുതലായ പൊതു ആസ്തികൾ സൃഷ്ടിക്കൽ, പ്രകൃതി സൗഹൃദ ഊർജ്ജ സംവിധാനങ്ങളുടെ വിതരണം എന്നിവയും ടി പരിപാടിയുടെ ഭാഗമായി നടപ്പാക്കിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന്റെ ഭാഗമായി വനാശ്രിത സമൂഹത്തിന്റെ | (ഡി) | ദേശീയ വനൽക്കരണ പരിപാടിയിലൂടെ ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത |

| | | | |
|---|---|---|---|
| | ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിന് എത്രമാത്രം പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ? | | സമൂഹത്തിന്റെ കൂടുതൽ തൊഴിലവസരങ്ങളും, മെച്ചപ്പെട്ട വേതനവും ഉറപ്പാക്കുക വഴി അവരുടെ വരുമാന വർദ്ധനവും ജീവിത നിലവാര ഉയർച്ചയും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ